കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല — തൃക്കടീരി ഗ്രാമപഞ്ചായത്ത് -2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5, 3.7 എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.614/16/തസ്വഭവ. തിരുവനന്തപുരം, തീയതി:15/02/2016

---

പരാമർശം:-

1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13461/15 നമ്പർ കത്ത്

2) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16/11/2015-ലെ എൽ.എഫ്. 7573/പി.റ്റി2/2015 നമ്പർ കത്ത്

## ഉത്തരവ്

പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം ഭവന നിർമ്മാണം (എസ്.സി.പി) പദ്ധതിയ്ക്ക് അംഗീകാരമില്ലാതെ ചെലവഴിച്ച 30,000/-രൂപ, ഖണ്ഡിക 3(7) പ്രകാരം അംഗീകാരം വാങ്ങിയതിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിനാൽ കോൺട്രാക്ടർക്ക് നൽകിയ 1,19,867/-രൂപ എന്നിവ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ സഹിതം സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ അംഗീകരിച്ചതിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയതിലൂടെ സർക്കാരിനും പഞ്ചായത്തിനും യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്ന ഗ്രാമപഞ്ചായത്തിന്റെ 13/11/2014 ലെ സാധാരണ യോഗത്തിലെ 10 (2) ാം നമ്പർ തീരുമാനത്തിൽ വിശദീകരിച്ചിട്ടുണ്ട്. ആയത് ജില്ലാതല മോണിറ്ററിംഗ് സമിതിയും പഞ്ചായത്ത് ഡയറക്ടറും അനുകൂല ശുപാർശ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത തുകയ്ക്ക് സാധൂകരണം നല്കുന്ന വിഷയത്തിലും തുക ക്രമീകരിയ്ക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിലും പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിന്റെ 2009-

2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 ,3-7 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ യഥാക്രമം 30,000/-(മുപ്പതിനായിരം രൂപ മാത്രം) രൂപ, 1,19,867/-(ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി എണ്ണൂറ്റി അറുപത്തിയേഴ് രൂപ മാത്രം) രൂപ എന്നിവയ്ക്ക് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ.പഴനിയമ്മ,

ഡെപ്യൂട്ടി സെക്രട്ടറി,

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

സെക്രട്ടറി, തൃക്കടീരി ഗ്രാമപഞ്ചായത്ത്, പാലക്കാട്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ